**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
**തിരുവനന്തപുരം -695033**

നമ്പർ-ബി3/53/2022/സം.തി.ക (2) തീയതി-05.08.2022

## സർക്കുലർ

### മട്ടന്നൂർ നഗരസഭ – പൊതുതിരഞ്ഞെടുപ്പ് 2022-വോട്ടെണ്ണലുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

- മട്ടന്നൂർ നഗരസഭയുടെ വോട്ടെണ്ണൽ ആഗസ്റ്റ് മാസം 22-ാം തീയതി രാവിലെ 10 മണി മുതൽ ആരംഭിക്കണം.
- വോട്ടെണ്ണൽ കേന്ദ്രമായി നിശ്ചയിച്ചിട്ടുള്ള മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ഓരോ വരണാധികാരിക്കും പ്രത്യേകം ഹാൾ (കൗണ്ടിംഗ് ഹാൾ I, കൗണ്ടിംഗ് ഹാൾ II) വോട്ടെണ്ണലിനായി സജ്ജമാക്കണം.
- കൗണ്ടിംഗ് ഹാൾ I - ൽ 1 മുതൽ 18 വരെ വാർഡുകളിലെയും കൗണ്ടിംഗ് ഹാൾ II-ൽ 19 മുതൽ 35 വരെ വാർഡുകളിലെയും വോട്ടുകളാണ് എണ്ണേണ്ടത്.
- ഓരോ കൗണ്ടിംഗ് ഹാളിലും വരണാധികാരിക്ക് പ്രത്യേക വേദിയും വോട്ടെണ്ണൽ, ടാബുലേഷൻ, പാക്കിംഗ് എന്നിവയ്ക്ക് പ്രത്യേകം മേശകളും സജ്ജീകരിക്കേണ്ടതാണ്.
- ഓരോ ഹാളിലും വോട്ടെണ്ണലിനായി 6 കൗണ്ടിംഗ് ടേബിളുകൾ വീതം സജ്ജീകരിക്കണം.
- പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണേണ്ടത്. അവ അതാത് വരണാധികാരികളുടെ ടേബിളിൽ വേണം എണ്ണേണ്ടത്.
- കൗണ്ടിംഗ് ഹാളിൽ സജ്ജീകരിച്ചിട്ടുള്ള കൗണ്ടിംഗ് ടേബിളുകളുടെ അത്രയും എണ്ണം കൺട്രോൾ യൂണിറ്റുകൾ വേണം ആദ്യം സ്ട്രോംഗ് റൂമിൽ നിന്നും ഏറ്റ് വാങ്ങി വോട്ടെണ്ണൽ നടത്തേണ്ടത്.
- കൗണ്ടിംഗ് ഹാൾ I - ൽ വോട്ടെണ്ണൽ ആരംഭിക്കേണ്ടത് 1-ാം വാർഡ് മുതൽ എന്നും കൗണ്ടിംഗ് ഹാൾ II-ൽ 19-ാം വാർഡു മുതൽ എന്ന ക്രമത്തിലുമാണ്.
- ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാർ എന്ന ക്രമത്തിൽ സ്റ്റാഫിനെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിക്കേണ്ടതാണ്.
- കൂടാതെ, ടാബുലേഷൻ, പാക്കിംഗ് എന്നിവയ്ക്കും പ്രത്യേകം സ്റ്റാഫിനെ നിയമിക്കണം
- ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ടെണ്ണൽ പൂർത്തിയാക്കുന്ന മുറയ്ക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഫാറം 24എ-ൽ വോട്ടെണ്ണലിന്റെ ഫലം രേഖപ്പെടുത്തി ബന്ധപ്പെട്ട വരണാധികാരിയുടെ ടേബിളിൽ എത്തിക്കേണ്ടതാണ്. പ്രസ്തുത ഫാറത്തിൽ വോട്ടെണ്ണൽ സൂപ്പർവൈസറുടെയും, സ്ഥാനാർത്ഥികളുടെയോ അവരുടെ ഏജന്റുമാരുടെയോ ഒപ്പ് വാങ്ങേണ്ടതാണ്.
- ഓരോ വാർഡിലും വോട്ടെണ്ണൽ പൂർത്തിയായാൽ ഉടൻതന്നെ വരണാധികാരി വോട്ടുകളുടെ വിവരം 25-ാം നമ്പർ ഫാറത്തിലുള്ള റിസൾട്ട് ഷീറ്റിൽ രേഖപ്പെടുത്തേണ്ടതും ഫാറം 25 എ-ലെ ഫലപ്രഖ്യാപനം നടത്തേണ്ടതുമാണ്. അതോടൊപ്പം TREND സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

➢ വോട്ടെണ്ണലിനു ശേഷം സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ട രേഖകളും വോട്ടിംഗ് മെഷീനുകളിൽ ഉപയോഗിച്ച DMM കളും ബന്ധപ്പെട്ട ട്രഷറിയിൽ സൂക്ഷിക്കേണ്ടതാണ്.

**എസ്.മോഹൻദാസ്**
സെക്രട്ടറി (ഇൻ-ചാർജ്ജ്)

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, കണ്ണൂർ
ബന്ധപ്പെട്ട വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും
സെക്രട്ടറി, മട്ടന്നൂർ മുനിസിപ്പാലിറ്റി

പകർപ്പ്

ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ, സം.തി.ക.
കമ്മീഷണറുടെ പി.എസ്/ കമ്മീഷണറുടെ സി.എ.
കമ്പ്യൂട്ടർ പ്രോഗ്രാമർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട് (ഇലക്ഷൻ)